# വിപ്ലവം തുടർന്നുകൊണ്ടേപോകുക, വിജയത്തിൽനിന്നു് വിജയത്തിലേക്കു് മുന്നേറുക

“പീപ്പിൾസ് ഡെയ്‌ലി”യുടെയും മററും
കൂട്ടമുഖപ്രസംഗം

സപ്തംബർ 30, 1970.

ചൈനാ പബ്ലിക്കേഷൻസ്
കല്ലായി റോഡ്
കോഴിക്കോട്-2, കേരളം.

# CONTINUE THE REVOLUTION, ADVANCE FROM VICTORY TO VICTORY

Joint Editorial

*September, 30, 1970*

★

CHINA PUBLICATIONS

KALLAI ROAD,

CALICUT - 2, KERALA

**ലോകജനങ്ങളെ, ഒന്നിക്കുക—**
**അമേരിക്കൻ ആക്രമണകാരികളേയും അവരുടെ എല്ലാം വിടുനായ്ക്കളേയും പരാജയപ്പെടുത്തുക!**

ചെയർമാൻ മാവോ സേതുങ്ങ്—മെയ് [illegible] 1970.

# വിപ്ലവം തുടർന്നുകൊണ്ടേ പോകുക, വിജയത്തിൽ നിന്നു് വിജയത്തിലേക്കു് മുന്നേറുക.

[ചൈനീസ് ജനകീയ റിപ്പബ്ളിക് സ്ഥാപിച്ചതിന്റെ 21-ാം വാർഷികം ആഘോഷിച്ചുകൊണ്ടു് "പീപ്പിൾസ് ഡെയിലി" "റെഡ് ഫ്ളേഗ്" "ലിബറേഷൻ ആർമി ഡെയിലി" എന്നിവയുടെ കൂട്ടുമുഖപ്രസംഗം. പീക്കിംഗ്, സെപ്തമ്പർ 30, 1970.]

നമ്മുടെ മഹത്തായ സോഷ്യലിസ്റ്റ് മാതൃഭൂമി മഹാനായ നേതാവ് ചെയർമാൻ മാവോ വെട്ടിത്തുറന്ന മാർഗ്ഗത്തിലൂടെ വിജയശ്രീലാളിതമായി മുന്നേറിക്കൊണ്ടിരുന്നിട്ടു് 21 വർഷങ്ങൾ തികഞ്ഞുകഴിഞ്ഞു. ഇന്നു് ചൈനയിലെ എല്ലാ ദേശീയ വിഭാഗങ്ങളിലും പെട്ട ജനങ്ങൾ നിറഞ്ഞ വിപ്ലവാഭിമാനത്തോടുകൂടി 1970 ന്റെ ദശകത്തിലെ ഒന്നാം ദേശീയദിനം തുളുമ്പുന്ന ആഹ്ലാദത്തോടെ ആഘോഷിക്കുകയും, ചൈനീസ് ജനകീയ റിപ്പബ്ലിക്കിന്റെ സ്ഥാപകനായ ചെയർമാൻ മാവോവിനു് ദീർഘായുസ്സു് നേരുകയും ചെയ്യുകയാണ്!

മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിന്റെ തുടർന്നുകൊണ്ടേയുള്ള ആഴംകൂടലിന്നും, നമ്മുടെ സോഷ്യലിസ്റ്റ് വിപ്ലവത്തിലും സോഷ്യലിസ്റ്റ് നിർമ്മാണത്തിലും നിരന്തരമായ പുതു വിജയങ്ങൾക്കും ഇക്കഴിഞ്ഞവർഷം സാക്ഷ്യംവഹിച്ചിട്ടുണ്ടു്. പാർട്ടിയുടെ ഒമ്പതാം

ദേശീയ കോൺഗ്രസ്സിനെ തുടന്ന് ''ഇനിയും കൂടുതൽ വമ്പിച്ച വിജയങ്ങൾ നേടാനായി ഒന്നിക്കുക'' എന്ന ചെയർമാൻ മാവോവിന്റെ മഹത്തായ ആഹ്വാനം ചെവിക്കൊണ്ടുകൊണ്ട് മുഴുവൻ പാർട്ടിയും മുഴുവൻ സേനയും മുഴുവൻ രാജ്യത്തെ ജനങ്ങളും ചെയർമാൻ മാവോ അതിന്റെ നേതാവായും വൈസ് ചെയർമാൻ ലിൻ അതിന്റെ ഉപനേതാവായുമുള്ള പാർട്ടീകേന്ദ്രക്കമ്മെററിക്ക് ചുററും ഇനിയും കൂടുതൽ അടുപ്പത്തിൽ അണിനിരന്നിട്ടുണ്ട്. മാവോ സേതുങ്ങ് ചിന്തയുടെ ജീവിതത്തിൽ പകത്തിയുംകൊണ്ടുള്ള പഠനത്തിന്റേയും പ്രയോഗത്തിന്റേയുമായ ബഹുജനപ്രസ്ഥാനം തുടൻകൊണ്ടേ ആഴത്തിൽ വികസിച്ചിട്ടുണ്ട്. ദശലക്ഷക്കണക്കിലും ദശകോടിക്കണക്കിലും വിപ്ലവകാരികളായ ജനങ്ങൾ വിപ്ലവപരമായ ബഹുജനവിമർശനം മുറുകെപ്പിടിച്ചുകൊണ്ട് വർഗ്ഗവഞ്ചകനും ഒളിഞ്ഞുനിന്ന രാജ്യദ്രോഹിയും മുറിപ്പൊററയുമായ ല്യൂ ഷോചിയുടെ പ്രതിവിപ്ലവ തിരുത്തൽവാദ ലൈനിന്റെ അവശേഷിച്ച വിഷലിപ്തമായ സ്വാധീനത്തെ ശക്തമായി തുത്തെറിയാൻ വേണ്ടി അജയ്യമായ മാവോ സേതുങ്ങ് ചിന്തയെ ഉപയോഗിക്കുകയും, പ്രതിവിപ്ലവകാരികൾക്കെതിരായി ആഞ്ഞടിക്കാനും കൈക്കൂലിയേയും കളവിനേയും എതിക്കാനും ഊഹക്കച്ചവടത്തെ എതിക്കാനും അമിതവ്യയത്തേയും പാഴ്ചിലവിനേയും എതിക്കാനും വേണ്ടിയുള്ള പ്രസ്ഥാനത്തെ വ്യാപകമായ തോതിൽ കെട്ടഴിച്ചുവിടുകയും ചെയ്തിട്ടുണ്ട്. മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരികവിപ്ലവത്തിലെ സമരം—വിമർശനം—പരിവർത്തനത്തിന്റേതായ കടമകൾ പടിപടിയായും ഘട്ടംഘട്ടമായും എല്ലാ ഫാക്ടറികളിലും ഖനികളിലും കമ്പ്യൂണുകളിലും വിദ്യാലയങ്ങളിലും ആഫീസുകളിലും മററ് സാമ്പത്തികോദ്യമങ്ങളിലും സ്ഥാപനങ്ങളിലും നിർവ്വഹിക്കപ്പെട്ടുവരികയും, വിപ്ലവപരമായ പുതു കാര്യങ്ങൾ രംഗപ്രവേശം ചെയ്യുകയുമാണ്. തൊഴിലാളിവർഗ്ഗവും, ദരിദ്രരും താഴ്ന്ന മദ്ധ്യമക്കാരുമായ കൃഷിക്കരും, ജനങ്ങളിലെ മററു വിഭാഗങ്ങളും വർഗ്ഗസമരത്തിന്റേയും രണ്ടു ലൈനുകൾ

തമ്മിലുള്ള സമരത്തിന്റേയുമായ തങ്ങളുടെ ബോധം വൻതോതിൽ ഉയർത്തിയിട്ടുണ്ട്. അതുവഴി വ്യാവസായികവും കാർഷികവുമായ ഉല്പാദനത്തിന്റേയും, അടിസ്ഥാന വ്യവസായ നിർമ്മാണത്തിന്റേയും, ശാസ്ത്രം, സാങ്കേതികവിജ്ഞാനം എന്നിവയുടേയും ദ്രുതഗതിയിലുള്ള വികസനം പുഷ്ടിപ്പെടുകയാണ്. 1970 ന്റെ ദേശീയ സാമ്പത്തിക പദ്ധതി വിജയകരമായി പൂർത്തീകരിച്ചു വരികയാണ്. അതുപോലെത്തന്നെ 1966ൽ ആരംഭിച്ച മൂന്നാം പഞ്ചവത്സര പദ്ധതിയും. തൊഴിലാളികളും കർഷകരും സൈനികരുമായുള്ള സംയോജനംവഴി വിപ്ലവകാരികളായ കേഡർമാരുടേയും വിപ്ലവകാരികളായ ബുദ്ധിജീവികളുടേയും വിപുലമായ വിഭാഗങ്ങൾ സ്വയം മൂശയിലിട്ടൂട്ടിയെടുക്കപ്പെടുകയും കൂടുതൽ പക്വത പ്രാപിക്കയുമാണ്. മഹത്തായ ചൈനീസ് ജനകീയ വിമോചനസേനയും പ്രാദേശിക സന്നദ്ധ ഭടന്മാരുടെ എണ്ണമററ വ്യൂഹങ്ങളും മുഴുവൻ രാജ്യത്തെ ജനങ്ങളും പ്രത്യയശാസ്ത്രപരമായും, ഭൗതികമായ സജ്ജീകരണങ്ങളെ സംബന്ധിച്ചിടത്തോളവും, സംഘടനാപരമായും തങ്ങളുടെ യുദ്ധത്തിന്നെതിരായതെയ്യാർ കൂടുതൽമെച്ചപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ രാജ്യത്തെ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം എന്നത്തേക്കാൾ കൂടുതൽ സുദൃഢീകരിക്കപ്പെട്ടിരിക്കയാണ്. സോഷ്യലിസ്റ്റ് വിപ്ലവത്തിലും സോഷ്യലിസ്റ്റ് നിർമ്മാണത്തിലും പുതിയൊരു വേലിയേററംതന്നെ സംഭവിക്കുകയാണ്; നമ്മുടെ സോഷ്യലിസ്റ്റ് മാതൃഭൂമി എന്നത്തേക്കാൾ കൂടുതൽ ഊർജ്ജസ്വലവുമാണ്.

“ലോകജനങ്ങളെ, ഒന്നിക്കുക—അമേരിക്കൻ ആക്രമണകാരികളേയും അവരുടെ എല്ലാ വിടുനായ്ക്കളേയും പരാജയപ്പെടുത്തുക!” എന്ന ചെയർമാൻ മാവോവിന്റെ 1970 മെയ് 20ന്റെ പ്രശാന്ത ഗംഭീരമായ പ്രസ്താവനയുടെ മാർഗ്ഗദർശനത്തിൻ കീഴിൽ തങ്ങളുടെ തൊഴിലാളിവർഗ്ഗ സാർവ്വദേശീയ കടമകളോട് കൂറുപുലർത്തുന്ന ചൈനീസ് ജനത അൽബേനിയയിലേയും മൂന്ന് ഇന്തോ ചൈനീസ് രാജ്യങ്ങളിലേയും കൊറിയ ജപ്പാൻ എന്നിവിടങ്ങളിലേയും

ജനങ്ങളുമായും, പലസ്തീനിയരും മററ് അറബ് ജനങ്ങളുമായും, ലോകത്തെ മററു ഭാഗങ്ങളിലെ വിപ്ലവകാരികളായ ജനങ്ങളുമായും ഉള്ള തങ്ങളുടെ സമരാവേശത്തോടുകൂടിയ ഐക്യം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. തങ്ങളുടെ പൊതുശത്രുക്കൾക്കെതിരായുള്ള സമരത്തിൽ ഒന്നിച്ചുകൊണ്ട് വിയററ്നാം, ലാവോസ്, കമ്പോഡിയ, എന്നീ മൂന്ന് രാജ്യങ്ങളിലേയും ജനങ്ങൾ അമേരിക്കൻ സാമ്രാജ്യത്വത്തേയും അതിന്റെ വിടുനായ്ക്കളേയും തകർപ്പൻ പ്രഹരങ്ങളേല്പിച്ചുകൊണ്ട് പരിപൂർണ്ണ കുഴപ്പത്തിലാഴ്ത്തിയിട്ടുണ്ട്. അമേരിക്കൻ സാമ്രാജ്യത്വത്തിന്നെതിരായും, അമേരിക്കയിലേയും ജപ്പാനിലേയും പിന്തിരിപ്പന്മാർ ചമച്ചുണ്ടാക്കുന്ന ജപ്പാനീസ് സൈനികവല്ക്കരണത്തിന്റെ പുനരുദ്ധാരണത്തിന്നെതിരായും ഉള്ള കൊറിയയിലേയും ജപ്പാനിലേയും തെക്ക്കിഴക്കനേഷ്യൻ രാജ്യങ്ങളിലേയും, ഏഷ്യയിലെ മററു രാജ്യങ്ങളിലേയും ജനങ്ങളുടെ സമരം ഇടതടവില്ലാതെ ഇരമ്പിക്കയറുകയാണ്. വിവിധ അറബ് രാജ്യങ്ങളിലെ ജനങ്ങളുടേയും, ലോകത്തെ എല്ലാ പുരോഗമന ശക്തികളുടേയും പിന്തുണയോടുകൂടി വീരരായ പലസ്തീൻ ഗറില്ലകൾ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നിയന്ത്രണത്തിലുള്ള ജോർഡാനിലെ പിന്തിരിപ്പൻ സൈനിക മേധാവികൾക്കെതിരായി ഒട്ടധികം രക്തച്ചൊരിച്ചലോടുകൂടിയ ധീരോദാത്തമായൊരു പോരാട്ടത്തിലേർപ്പെട്ടിരിക്കുകയും, അമേരിക്കൻ സാമ്രാജ്യത്വ ആക്രമണകാരികൾക്കും ഇസ്രയേലിലെ ആക്രമണകാരികൾക്കും എതിരായി സായുധ സമരത്തിൽ അടിയുറച്ചു നില്ക്കുകയുമാണ്. ഏഷ്യ, ആഫ്രിക്ക, ലാററിനമേരിക്ക തൊട്ട് വടക്കെ അമേരിക്ക, യൂറോപ്പ്, ഓഷ്യാനിയാ വരെ, അമേരിക്കൻ ജനങ്ങളടക്കമുള്ള വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെ വിപ്ലവസമരങ്ങൾ എന്നത്തേക്കാൾ കൂടുതൽ വ്യാപ്തിയിലും ആഴത്തിലും വികസിക്കുകയാണ്. ഇതാകട്ടെ പഴയ ലോകത്തെയാകമാനം പിടിച്ചുകുലുക്കുകയുമാണ്. ആഞ്ഞടിക്കുന്ന സമരങ്ങളിലൂടെ ജനങ്ങൾ തങ്ങളുടെ രാഷ്ട്രീയബോധം തുടച്ചയായി ഉയർത്തിയിട്ടുണ്ട്. ലോകത്തുടനീളമുള്ള യഥാർത്ഥ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടികളും സംഘടന

കളും ചിട്ടയിൽ ശക്തിയാർജ്ജിച്ചു വരികയാണ്. ആ രണ്ട് വൻശക്തികളായ അമേരിക്കൻ സാമ്രാജ്യത്വവും സോഷ്യൽ സാമ്രാജ്യത്വവും ലോകത്തെ പുനർവിഭജിക്കാൻ വേണ്ടി പരസ്പരം കൂട്ടുകൂടുകയും അതേസമയം തന്നെ കിടമത്സരത്തിലേർപ്പെടുകയുമാണ് ചെയ്യുന്നത്. ഇത് ചെയ്യുന്നതിൽ അവരുടെ വൃത്തികെട്ട മുഖപ്രകൃതികൾ കൂടുതൽ കൂടുതൽ തുറന്നുകാട്ടപ്പെട്ടിട്ടുണ്ട്; അവർ ലോകത്ത് കൂടുതൽ കൂടുതൽ ഒററപ്പെടുകയും ചെയ്തിട്ടുണ്ട്. സാർവ്വദേശീയ സാഹചര്യത്തിന്റെ വികാസം, "ഒരു ലോകയുദ്ധത്തിന്റെ വിപത്ത് ഇപ്പോഴും നിലനില്ക്കുന്നു; എല്ലാ രാജ്യങ്ങളിലേയും ജനങ്ങൾ തയ്യാറെടുപ്പുകൾ എടുത്തേ തീരൂ. എന്നാൽ ഇന്ന് ലോകത്തുള്ള മുഖ്യ പ്രവണത വിപ്ലവമാണ്" എന്ന ചെയർമാൻ മാവോവിന്റെ ശാസ്ത്രീയമായ നിഗമനത്തെ സ്ഥിരീകരിച്ചിരിക്കയാണ്.

നാട്ടിനുള്ളിലും പുറത്തുമുള്ള ഈ അത്യന്തം വിശിഷ്ടമായ സാഹചര്യത്തിൽ പാർട്ടിയുടെ ഒമ്പതാം കേന്ദ്രക്കമ്മിററിയുടെ രണ്ടാം പ്ലീനറിയോഗം—ഇതാണെങ്കിൽ ചെയർമാൻ മാവോ വ്യക്തിപരമായി അദ്ധ്യക്ഷം വഹിച്ചതായിരുന്നു—ഒമ്പതാം പാർട്ടികോൺഗ്രസ്സിനു ശേഷമുള്ള നേട്ടങ്ങളെ വിലയിരുത്തുകയും, നിലവിലുള്ള സാഹചര്യം വിശകലനം ചെയ്യുകയും, തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിൻ കീഴിൽ വിപ്ലവം തുടർന്നുകൊണ്ടേ പോകാനാവശ്യമായ കടമകൾ മുമ്പോട്ടു വെക്കുകയും, നാലാം ദേശീയ ജനകീയ കോൺഗ്രസ്സ് വിളിച്ചുകൂട്ടാൻ നിർദ്ദേശിക്കുകയും ചെയ്തു. മുഴുവൻ പാർട്ടിയും മുഴുവൻ സേനയും രാജ്യത്താകമാനമുള്ള ജനങ്ങളും ഈ യോഗത്തിന്റെ വിജ്ഞാപനത്തേയും അതിന്റെ തീരുമാനങ്ങളേയും—ഇവയാണെങ്കിൽ വമ്പിച്ചൊരു ഭൗതികശക്തിയായിത്തീരുകയാണ്—ഊഷ്മളമായി പിന്താങ്ങുന്നു. പാർട്ടിയുടെ ഒമ്പതാം കേന്ദ്രക്കമ്മിററിയുടെ രണ്ടാം പ്ലീനറി യോഗം നല്കിയ ആഹ്വാനം കർമ്മപഥത്തിൽ കൊണ്ടുവന്നുകൊണ്ട് സ്വീകരിക്കാനും, മാവോ സേതുങ്ങ് ചിന്തയുടെ മഹത്തായ രക്തപതാക ഉയരത്തിൽ

പൊക്കിപ്പിടിക്കാനും, ചെയർമാൻ മാവോവിന്റെ തൊഴിലാളിവർഗ്ഗവിപ്ലവലൈനും നയങ്ങളും ദൃഢതയോടെ നടപ്പിൽ വരുത്താനും, ഒമ്പതാം പാർട്ടീകോൺഗ്രസ്സ് മുമ്പോട്ടു വെച്ച വിവിധ സമര കടമകൾ പൂർത്തീകരിക്കുന്നതു് തുടർന്നുകൊണ്ടേ പോകാനും അവർ ദൃഢനിശ്ചയം ചെയ്തിരിക്കയാണു്.

എല്ലാ നിലവാരങ്ങളിലുമുള്ള പാർട്ടീസംഘടനകൾക്കും വിപ്ലവകമ്മറ്റികൾക്കും നൂറുനൂറു കാര്യങ്ങൾ ചെയ്യാനായുണ്ടു്. പക്ഷെ അവർ മാവോസേതുങ്ങ് ചിന്തയുടെ ജീവിതത്തിൽ പകർത്തിയുംകൊണ്ടുള്ള പഠനത്തിന്നും പ്രയോഗത്തിന്നും ഒന്നാംസ്ഥാനം നല്കുകയും, മാവോസേതുങ്ങ് ചിന്തയെ എല്ലാററിന്റേയും ആധിപത്യസ്ഥാനത്തു് നിർത്തുകയും ചെയ്തേ തീരൂ. എഴുപതു കോടി ജനസംഖ്യയുള്ള ഒരു രാജ്യത്തിൽ ഇത്രമാത്രം വ്യാപകമായ തോതിൽ മാവോസേതുങ്ങ് ചിന്തക്കു് പ്രചരണം സിദ്ധിച്ചുവെന്നതു് മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിന്റെ ഏററവും വിലപിടിച്ചനേട്ടമാണു്. നാം മാവോസേതുങ്ങ് ചിന്തയുടെ ജീവിതത്തിൽ പകർത്തിയുംകൊണ്ടുള്ള പഠനത്തിന്റേയും പ്രയോഗത്തിന്റേയുമായ ബഹുജനപ്രസ്ഥാനത്തിന്നു ആഴം കൂട്ടുന്നതു് തുടർന്നുകൊണ്ടേ പോകേണ്ടതും, വർഗ്ഗസമരം, ഉല്പാദനത്തിന്നുവേണ്ടിയുള്ള സമരം, ശാസ്ത്രീയപരീക്ഷണം എന്നീ മഹത്തായ മൂന്നു് വിപ്ലവപ്രസ്ഥാനങ്ങളിലെ പ്രായോഗിക പ്രവർത്തനവുമായി ഏററവും അടുപ്പത്തിൽ ബന്ധപ്പെടുത്തിക്കൊണ്ടു് മാവോസേതുങ്ങ് ചിന്തയെ ആത്മാർത്ഥമായി പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ടതും, ചെയർമാൻ മാവോവിന്റെ ഓരോരോ നിർദ്ദേശവും നടപ്പിൽ വരുത്തുന്നതിൽ കാര്യങ്ങൾ കൂടുതൽ നന്നായി ചെയ്യേണ്ടതും, വിവിധ തരങ്ങളിലുള്ള മാവോ സേതുങ്ങ് ചിന്താ പഠനക്ലാസ്സുകൾ നന്നായി നടത്തേണ്ടതുമാണു്. ചെയർമാൻ മാവോവിന്റെ തത്വശാസ്ത്രരചനകൾ ജീവിതത്തിൽ പകർത്തിയും കൊണ്ടു് ആത്മാർത്ഥതയോടെ നാം പഠിക്കുകയും പ്രയോഗിക്കുകയും ചെയ്തേ തീരൂ. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തേയും ചരിത്രപരമായ ഭൗതികവാദത്തേയും നാം പൊക്കിപ്പിടി

കണം. ആദർശവാദത്തേയും അതിഭൗതികവാദത്തേയും നാം എതിർക്കണം. അങ്ങിനെ ചെയർമാൻ മാവോവിന്റെ വിപ്ലവപരമായ ലൈനും തത്വങ്ങളും നയങ്ങളും നടപ്പിലാക്കുന്നതിന്നിടയിൽ നമ്മുടെ ബോധം ഉയർത്തുകയും വേണം.

എല്ലാ നിലവാരങ്ങളിലുമുള്ള നേതൃത്വ കേഡർമാർ, പ്രത്യേകിച്ചും തലമുതിർന്ന കേഡർമാർ സോഷ്യലിസ്റ്റ് വിപ്ലവത്തിലും നിർമ്മാണത്തിലും നേതൃത്വത്തിന്റേതായ കനത്ത കടമകൾ നിർവ്വഹിക്കാൻ ഉത്തരവാദപ്പെട്ടവരാണ്. ഇതിൽ എല്ലാററിലുമൊന്നാമതായുള്ളത് മാവോസേതുങ്ങ് ചിന്താപഠനത്തിൽ വിപുലമായ ബഹുജന വിഭാഗങ്ങളെ നയിക്കുന്നതിന്റേതായ കടമയാണ്. അതിനാൽ അവരെ സംബന്ധിച്ചിടത്തോളം ആത്മാർത്ഥമായും, സശ്രദ്ധവും മാർക്സിസം–ലെനിനിസം–മാവോസേതുങ്ങ് ചിന്ത പഠിക്കുകയും ബോധപൂർവ്വം തങ്ങളുടെ ലോകവീക്ഷണത്തെ പുനർവാർത്തെടുക്കുകയും ചെയ്യുകയെന്നത് എത്രമാത്രം ആവശ്യമാണെന്ന് വ്യക്തമാണല്ലൊ. എത്രയോ വർഷങ്ങൾക്ക് മുമ്പുതന്നെ പാർട്ടിയുടെ ആറാം കേന്ദ്രക്കമ്മിററിയുടെ ആറാം പ്ലീനറിയോഗത്തിൽവെച്ച് ചെയർമാൻ മാവോ ചൂണ്ടിക്കാട്ടിയിട്ടുണ്ട്: ‘പൊതുവായി പറകയാണെങ്കിൽ പഠിക്കാൻ കഴിയുന്ന എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളും മാർക്സിന്റേയും എംഗൽസിന്റേയും ലെനിന്റേയും സ്റ്റാലിന്റേയും സിദ്ധാന്തം പഠിക്കേണ്ടതും, നമ്മുടെ ദേശീയചരിത്രം പഠിക്കേണ്ടതും സമകാലിക പ്രസ്ഥാനങ്ങളും പ്രവണതകളും പഠിക്കേണ്ടതുമാണ്. മാത്രമല്ല തങ്ങളേക്കാൾ വിദ്യാഭ്യാസം കുറഞ്ഞ അംഗങ്ങളെ പഠിക്കാനവർ സഹായിക്കേണ്ടതാണ്. കേഡർമാർ പ്രത്യേകമായും ഈ വിഷയങ്ങൾ സസൂക്ഷ്മം പഠിക്കേണ്ടതാണ്. അതേസമയം കേന്ദ്രക്കമ്മിററി അംഗങ്ങളും തലമുതിർന്ന കേഡർമാരും ഇതിൽ മററുള്ളവരേക്കാൾ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.'' ചെയർമാൻ മാവോവിന്റെ സുപ്രധാനമായ ഈ അനുശാസനം ഇന്നും അങ്ങേയററം പ്രാ

യോഗികപ്രാധാന്യമുള്ളതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടീ അം
ഗങ്ങൾക്കിടയിലും തൊഴിലാളികളുടേയും കൃഷകരുടേയും
സൈനികരുടേയും ബഹുജനവിഭാഗങ്ങൾക്കിടയിലും ഊ
ർജ്ജസ്വലവും സജീവവുമായ ഒരു പഠനപ്രസ്ഥാനം ഇന്ന്
നടന്നുകൊണ്ടിരിക്കയാണ്. തൊഴിലാളിവർഗ്ഗ ലോകവീ
ക്ഷണത്തിന്നനുസൃതമായി ലോകത്തെ അറിയാനും മാററാ
നും ഉള്ള ജോലികൂടുതൽ നന്നായിചെയ്യാൻ കൂടുതൽ കൂടു
തൽ സഖാക്കൾക്ക് കഴിയാറാക്കാനും പരീക്ഷണനിരീ
ക്ഷണങ്ങളും പഠനവും അനുഭവം വിലയിരുത്തലും നന്നാ
യി നടത്താൻ കൂടുതൽ കൂടുതൽ സഖാക്കൾക്ക് കഴിയാറാ
ക്കാനും, വൈരുദ്ധ്യങ്ങളെ തികച്ചും ശരിയായി വിശകല
നം ചെയ്യാനും പരിഹരിക്കാനും, മാവോ സേതുങ്ങ് ചിന്ത
യുടെ തത്വങ്ങളുടെ അടിസ്ഥാനത്തിന്മേൽ തങ്ങളുടെ ഐ
ക്യം ശക്തിപ്പെടുത്താനും തങ്ങളുടെ പ്രവർത്തനം നന്നായി
ചെയ്യാനും കൂടുതൽ കൂടുതൽ സഖാക്കൾക്ക് കഴിയാറാക്കാ
നും വേണ്ടി എല്ലാ നിലവാരങ്ങളിലുമുള്ള നേതൃത്വകേഡർ
മാർ തങ്ങളുടെ സ്വന്തം പഠനത്തിൽ ഇനിയും കൂടുതൽ
വമ്പിച്ച പരിശ്രമങ്ങൾ നടത്തുകയും, നമ്മുടെ മഹത്തായ
രാജ്യത്തെയാകമാനം മാവോസേതുങ്ങ് ചിന്തയുടെ ഒരു വ
മ്പിച്ച വിദ്യാലയമാക്കി യഥാർത്ഥത്തിൽ മാററുന്നതിന്ന്
ബഹുജനങ്ങളെ മുന്നോട്ട് നയിക്കുകയും ചെയ്യുകതന്നെ
വേണം.

"സമരം-വിമർശനം-പരിവർത്തനത്തിന്റേതായ കട
മകൾ ആത്മാർത്ഥമായി നിറവേററുന്നതു" നാം തുടർന്നുകൊ
ണ്ടു പോകണം. വർഗ്ഗസമരത്തിന്റെ ദീർഘിച്ചതും സങ്കീ
ർണ്ണവും വളഞ്ഞുപുളഞ്ഞതുമായ സ്വഭാവം നാം പൂർണ്ണമായി
അംഗീകരിച്ചേ തീരൂ. സോഷ്യലിസ്റ്റ് വിപ്ലവം അ
തിന്റെ പരിസമാപ്തിവരെ കൊണ്ടുപോകുന്ന പ്രശ്നം രാ
ഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ മുന്നണിയിലും, സാം
സ്കാരികവും വിദ്യാഭ്യാസപരവുമായ മുന്നണിയിലും, സാ
മ്പത്തിക മുന്നണിയിലും, മേൽക്കൂരയുടെ മറെറല്ലാതലങ്ങ
ളിലും നിലവിലുണ്ടെന്ന് നാം കണ്ടേ തീരൂ. തൊഴിലാ
ളിവർഗ്ഗ സർവ്വാധിപത്യം സുദൃഢീകരിക്കുന്നതിന്റേയും സുശ

ക്തമാകുന്നതിന്റേയുമായ ഉയർന്ന നിലവാരത്തിൽനിന്നായിരിക്കണം എല്ലാ നിലവാരങ്ങളിലുമുള്ള നേതൃത്വം വിപ്ലവപരമായ ബഹുജന വിമർശനത്തെ കാണേണ്ടതു്. അതിനെ ഒരിടതടവില്ലാത്തതും ആഴമേറിയതുമായ വഴിക്കു് കൊണ്ടുപോകുകയും വേണം. സമരം–വിമർശനം–പരിവർത്തനത്തിൽ ബഹുജനങ്ങൾ ധാരാളമായി നേടിയ നല്ല അനുഭവത്തെ വിലയിരുത്തുന്നതിന്നു് മാവോ സേതുങ്ങ് ചിന്ത നാം പ്രയോഗപ്പെടുത്തേണ്ടതും, ഈ അനുഭവത്തെ കൂടുതൽ ഉയർന്നൊരു നിലവാരത്തിലേക്കു് കൊണ്ടുവരേണ്ടതും അതിൽനിന്നു് സാർവ്വത്രിക പ്രാധാന്യമുള്ള നിയമങ്ങൾ കണ്ടെത്തേണ്ടതുമാണു്. നയത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നാം ചെലുത്തുകയും, മാതൃകാപരമായ ഉദാഹരണങ്ങളെ നന്നായി മുറുകെപിടിക്കുകയും തിരഞ്ഞെടുത്ത ഒരു സ്ഥലത്തു് നേടിയ അനുഭവത്തെ മുഴവൻ പ്രദേശത്തെയും പ്രവർത്തനത്തിന്നു് മാർഗ്ഗദർശനം നൽകാൻ ഉപയോഗിക്കുകയും ചെയ്യേണ്ടതാണു്. പ്രതിവിപ്ലവകാരികൾക്ക നേരെ ആഞ്ഞടിക്കാനും കൈക്കൂലിയേയും കളവിനേയും എതിർക്കാനും ഊഹക്കച്ചവടത്തെ എതിർക്കാനും അമിതവ്യയത്തേയും പാഴ്ച്ചിലവിനേയും എതിർക്കാനും വേണ്ടിയുള്ള പ്രസ്ഥാനത്തെ നന്നായി മുറുകെപിടിക്കുകയും, സോഷ്യലിസ്റ്റ് വിപ്ലവത്തേയും നിർമ്മാണത്തേയും അട്ടിമറിക്കുന്നവരും മുതലാളിത്തം പുനസ്ഥാപിക്കാൻ വ്യർത്ഥമായി ശ്രമിക്കുന്നവരുമായ ഒരു കൈപ്പിടിയിലൊതുങ്ങുന്ന പ്രതിവിപ്ലവകാരികൾക്കുനേരെ ശക്തിയേറിയ പ്രഹരങ്ങളേല്പിക്കുന്നതു് നാം തുടർന്നുകൊണ്ടേ പോകുകയും വേണം.

''വിപ്ലവം മുറുകെ പിടിക്കുക, ഉല്പാദനവും മററു പ്രവർത്തനവും പുഷ്ടിപ്പെടുത്തുക, യുദ്ധത്തിന്നെതിരായ തെയ്യാറെടുപ്പു് വർദ്ധിപ്പിക്കുക'' എന്ന തത്വം സർവ്വസ്പർശിയായ രീതിയിൽ നടപ്പിലാക്കുന്നതു് നാം തുടർന്നുകൊണ്ടേ പോകണം. രണ്ടുവർഗ്ഗങ്ങൾ തമ്മിലും, രണ്ടു് പാതകൾ തമ്മിലും, രണ്ടു് ലൈനുകൾ തമ്മിലുമുള്ള സമരം മർമ്മപ്രധാനമായ ഒന്നായെടുത്തുകൊണ്ടു് അദ്ധ്വാനിക്കുന്ന ജനങ്ങളിലെ വിപുലമായ

വിഭാഗങ്ങളുടെ വിപ്ലവപരമായ മുൻകയ്യെടുക്കാനുള്ള കഴിവും സൃഷ്ടിപരമായ കഴിവും പൂർണ്ണമായി പ്രകടമാക്കാനുള്ള അവസരം നാമുണ്ടാക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. സോഷ്യലിസ്റ്റ് നിർമ്മാണത്തെ സംബന്ധിച്ചുള്ള ചെയർമാൻ മാവോവിന്റെ തൊഴിലാളിവർഗ്ഗ തത്വങ്ങളും നയങ്ങളും നാം എന്നിയും നന്നായി പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും, തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന്നു് പ്രാമുഖ്യം നൽകുകയും, വ്യാവസായികവും കാർഷികവുമായ ഉല്പാദനത്തിൽ പുതിയ വിജയങ്ങൾ കരസ്ഥമാക്കുകയും, 1970ലേക്കുള്ള ദേശീയ സാമ്പത്തിക പദ്ധതിയും മൂന്നാം പഞ്ചവത്സര പദ്ധതിയും പൂർത്തീകരിക്കുകയോ കവച്ചുവെക്കുകയോ ചെയ്യാനായി കഠിനമായദ്ധ്വാനിക്കുകയും വേണം! നമ്മുടെ ജാഗ്രതക്കു് മൂർച്ചകൂട്ടുകയും യുദ്ധത്തിന്നെതിരായതെയ്യാറെടുപ്പു് ശക്തിപ്പെടുത്തുകയും എല്ലാ സമയത്തും തികച്ചും ജാഗരൂകരായിരിക്കുകയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണു്. മഹത്തായ ജനകീയ വിമോചന സേനയുടേയും ജനകീയ സന്നദ്ധ സേനയുടേയും കെട്ടിപ്പടുക്കൽ ഇനിയും കൂടുതൽ സുശക്തമാക്കുകയെന്നതും, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെ നിരന്തരം സുദൃഢീകരിക്കുകയും സുശക്തമാക്കുകയും ചെയ്യുക എന്നതും അത്യന്താപേക്ഷിതമാണു്. തൈവാനെ വിമോചിപ്പിക്കാൻ നാം ദൃഢനിശ്ചയം ചെയ്തിരിക്കയാണു്!

പാർട്ടീസുദൃഢീകരണത്തിന്റേയും കെട്ടിപ്പടുക്കലിന്റേയും കടമകൾ നാം ആത്മാർത്ഥമായി നിറവേററുകയും, പ്രത്യയശാസ്ത്രപരമായും സംഘടനാപരമായും പാർട്ടി കെട്ടിപ്പടുക്കൽ ശക്തിപ്പെടുത്തുകയും, പാർട്ടീസ്പിരിട്ടിലുള്ള വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയും ചെയ്യണം. "മുഴുവൻ ചൈനീസു് ജനതയുടേയും നേതൃത്വത്തിന്റെ കാതലാണു് ചൈനീസു് കമ്മ്യൂണിസ്റ്റു് പാർട്ടി." വർഗ്ഗശത്രുവിന്നെതിരായ

പോരാട്ടത്തിൽ തൊഴിലാളിവർഗ്ഗത്തേയും വിപ്ലവകാരികളായ ബഹുജനങ്ങളേയും നയിക്കാൻ കെൽപ്പുള്ള വീര്യമേറിയ മുന്നണി സംഘടനകളെന്നോണം എല്ലാ നിലവാരങ്ങളിലുമുള്ള പാർട്ടീ സംഘടനകളെ എനിയും നന്നായി കെട്ടിപ്പടുക്കാനും, കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളുടെ വിപുലമായ വിഭാഗങ്ങളെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻകീഴിൽ വിപ്ലവം തുടർന്നുകൊണ്ടേ പോകുന്നതിൽ മുന്നണി പോരാളികളാക്കി മൂശയിലിട്ടുരുക്കി മാററിയെടുക്കാനും കഴിയുമാറ് പാർട്ടി കെട്ടിപ്പടുക്കലിനെ സംബന്ധിച്ചുള്ള ചെയർമാൻ മാവോവിൻെറ ചിന്താധാരക്കനുസൃതമായി നാം മലിനമായതിനെ കയ്യൊഴിക്കുകയും പുതിയതിനെ ഉള്ളിലേക്കെടുക്കുകയും വേണം. മുഴുവൻ പാർട്ടിയും വിനയവും വിവേകവുമുള്ളതായിരിക്കണം, അഹങ്കാരത്തിനും അവിവേകത്തിനും എതിരായി മുൻകരുതലെടുക്കണം, ബഹുജനങ്ങളിൽ വിശ്വാസമുണ്ടായിരിക്കുകയും അവരിൽ ആശ്രയിക്കുകയും വേണം. എല്ലാ മുന്നണികളുടേയും മീതെയുള്ള പാർട്ടിയുടെ കേന്ദ്രീകൃത നേതൃത്വം എനിയും കൂടുതൽ ശക്തിപ്പെടുത്തുകയും വേണം.

വമ്പിച്ച വിജയം നാം നേടിയിട്ടുണ്ട്. പക്ഷെ ധാരാളം ദുർഘടമായ കടമകൾ എനിയും നമ്മെ അഭിമുഖീകരിക്കുകയാണ്. അതുകൊണ്ട് സമരത്തിൽ നാം കൂടുതൽ കഴിവുകൾ ചെലുത്തിക്കൊണ്ടേയിരിക്കണം. നാലാം ദേശീയ ജനകീയ കോൺഗ്രസ്സിനെ പുതിയ വിജയങ്ങൾ നേടിയുംകൊണ്ട് നമുക്കഭിവാദ്യം ചെയ്യണം! മുഴുവൻ ലോകത്തുള്ള തൊഴിലാളിവർഗ്ഗവുമായും, മർദ്ദിത ജനങ്ങളും മർദ്ദിത രാഷ്ട്രങ്ങളുമായുമുള്ള സമരവീര്യം നിറഞ്ഞ നമ്മുടെ ഐക്യം ഇനിയും കൂടുതൽ ശക്തിപ്പെടുത്തുകയും, സാമ്രാജ്യത്വത്തിനും തിരുത്തൽവാദത്തിനും പിന്തിരിപ്പന്മാർക്കും

എതിരായ ആ വമ്പിച്ച സമരം അതിൻെറ പരിസമാപ്തി വരെ കൊണ്ടുപോകുകയും വേണം !

ചെയർമാൻമാവോ അതിൻെറ നേതാവായും വൈസ് ചെയർമാൻ ലിൻ അതിൻെറ ഉപനേതാവായുമുള്ള പാർട്ടീകേന്ദ്രക്കമ്മിററിയുടെ നേതൃത്വത്തിൻകീഴിൽ എനിയും കൂടുതൽ വമ്പിച്ച വിജയങ്ങൾ നേടാനായി ഒന്നിക്കുക!

---

**മഹത്തായ ചൈനീസ് ജനകീയ റിപ്പബ്ലിക്ക്**
**നീണാൾ വാഴട്ടെ !**

**മഹത്തും ഉജ്ജ്വലവും തികച്ചും ശരിയുമായ**
**ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി**
**നീണാൾ വാഴട്ടെ !**

**മഹത്തായ മാർക്സിസം–ലെനിനിസം**
**–മാവോ സേതുങ്ങ് ചിന്ത**
**നീണാൾ വാഴട്ടെ !**

**മഹാനായ നേതാവ് ചെയർമാൻ മാവോ**
**നീണാൾ വാഴട്ടെ !**

**അച്ചടിയിൽ :**

ചരിത്രത്തെപ്പററിയുള്ള ആദർശവാദപരമായ
വീക്ഷണത്തിന്റെ പാപ്പരത്തം.

—ചെയർമാൻ മാവോ സെതുങ്ങ്.

***In Print :***

The Bankruptcy of the Idealist
Conception of History

*—Chairman Mao Tsetung.*

വില : 15 പൈസ

മെസ്ക്കോട്ട് പ്രസ്സ്, കോഴിക്കോട്-1